## മിന്നൽ പണിമുടക്ക്

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, തിരുവനന്തപുരം നഗരത്തിൽ ഒരു മിന്നൽ പണിമുടക്ക് നടത്തി 5 മണിക്കൂർ നേരം ബസ് ഗതാതഗതം സ്തംഭിച്ചു. കുഴഞ്ഞുവീണ കടകംപള്ളി സ്വദേശിയായ ആളെ ആശുപത്രിയിൽ എത്തിക്കാൻ സാധിക്കാതെ മരിക്കുകയുണ്ടായി. വളരെ ഗുരുതരമായ ഈ പ്രശ്നത്തിൽ ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി ഇടപെടണം. ഇപ്പോഴും പ്രസ്തുത മിന്നൽ പണിമുടക്ക് തുടർന്നുകൊണ്ടിരിക്കുകയാണ്. വളരെ ഗുരുതരമായ പ്രശ്നമാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, പ്രതിപക്ഷനേതാവ് ഇവിടെ ഉന്നയിച്ച പ്രശ്നത്തിൽ, പണിമുടക്ക് പിൻവലിച്ചു. ഒരാൾ കുഴഞ്ഞുവീണ് മരിക്കാനിടയായ സാഹചര്യത്തെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.